# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6372 — 31.10.2011-ൽ മറുപടിക്ക്

## സ്പോർട്സ് കൗൺസിലിലെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് കൗൺസിലിൽ മിനിസ്റ്റീരിയൽ സ്റ്റാഫും പരിശീലകരും ഉൾപ്പെടെ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; | (എ) 241 പേർ ജോലി ചെയ്തുവരുന്നു; |
| (ബി) അവർക്ക് ഏതുമാസം വരെയുള്ള ശമ്പളമാണ് വിതരണം ചെയ്തിട്ടുള്ളത്; | (ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സ്ഥിരമായി നിയമനം നൽകിയ 20 മിനിസ്റ്റീരിയൽ ജീവനക്കാർക്കും 80 പരിശീലകർക്കും ഒഴികെ മറ്റെല്ലാ സ്ഥിരജീവനക്കാർക്കും 2011 സെപ്റ്റംബർ മാസം വരെയുള്ള ശമ്പളം നൽകുകയുണ്ടായി; |
| (സി) സെപ്തംബർ മാസത്തിലെ ശമ്പളം വിതരണം ചെയ്യാത്തതെന്തുകൊണ്ടാണ്; | (സി) മുകളിൽ പറഞ്ഞവരൊഴികെയുള്ളവരുടെ സെപ്റ്റംബർ മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്; |
| (ഡി) ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് എത്രപേരെയാണ് പുതിയതായി നിയമിച്ചത്; | (ഡി) 62 പരിശീലകരെ നിയമിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പിൻബലത്തിൽ തുടർന്നുണ്ടായ ഒഴിവിൽ 2 പേരെയും സർക്കാർ പുതിയതായി അനുവദിച്ച 15 തസ്തികകളിൽ 15 പേരെയും ഒരു ചെസ്സ് പരിശീലകനെയും നിയമിച്ചു; |
| (ഇ) നിയമാനുസൃതം ജോലി ലഭിച്ച ഇവർക്ക് നൽകിവന്നിരുന്ന ശമ്പളം എന്തുകൊണ്ടാണ് നിർത്തിവച്ചത്? | (ഇ) സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നിയമിച്ച ജീവനക്കാർക്ക് സർക്കാർ നിർദ്ദേശപ്രകാരമാണ് ശമ്പളം നൽകാതിരുന്നത്. |

സെക്ഷൻ ഓഫീസർ